"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി - ആലപ്പുഴ ജില്ല - പുറക്കാട് ഗ്രാമപഞ്ചായത്ത് - "Ponnachira foot bridge and Pazhayachira bridge, W11" - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

G.O.(Ms)No.208/2023/LSGD തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. 09.01.2020 തീയതിയിലെ സ.ഉ.(കൈ)നം.13/2020/ത.സ്വ.ഭ.വ.
2. 24.12.2020 തീയതിയിലെ സ.ഉ.(കൈ)നം.200/2020/ത.സ്വ.ഭ.വ.
3. 30.10.2020 തീയതിയിലെ സ.ഉ.(കൈ)നം.166/2020/ത.സ്വ.ഭ.വ.
4. 13.10.2023 തീയതിയിലെ സ.ഉ.(കൈ)നം.182/2023/ത.സ്വ.ഭ.വ.
5. 02.11.2023 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നമ്പർ LSGD/PD/48192/2023-DB4 കത്ത്.

**ഉത്തരവ്**

സൂചന (3) പ്രകാരം ആലപ്പുഴ ജില്ല, പുറക്കാട് ഗ്രാമപഞ്ചായത്തിലെ "Ponnachira foot bridge and Pazhayachira bridge, W11" എന്ന പ്രവൃത്തിക്ക് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

പ്രസ്തുത പ്രവൃത്തി ടെണ്ടർ, റീ ടെണ്ടർ, ക്വട്ടേഷൻ, റീ ക്വട്ടേഷൻ എന്നിവ നടത്തിയിട്ടും ആരും ഏറ്റെടുത്തിരുന്നില്ലെന്നും തുടർന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തപ്പോൾ പ്രവൃത്തിയുടെ കോസ്റ്റ് ഇൻഡക്സ് 48.71% ൽ നിന്നും 41.53% ആകുകയും, ജി.എസ്.ടി 12% ൽ നിന്നും 18% ആകുകയും, റേറ്റ് റിവിഷൻ വന്നതിനാലും റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ടി പ്രവൃത്തിക്ക് ആകെ 38,90,000/- രൂപ അടങ്കൽ തുക ആവശ്യമാണെന്നും, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ആകെ വകയിരുത്തിയ 1000 കോടി രൂപയിൽ നിലവിൽ 980.02 കോടി രൂപക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ബാക്കി തുക ജി.എസ്.ടി ശതമാനത്തിൽ വരുന്ന ഇത്തരത്തിലുള്ള വർദ്ധനവ് കണ്ടെത്താൻ ഉപയോഗിക്കാവുന്നതാണെന്നും ആയതിനാൽ ആലപ്പുഴ ജില്ല, പുറക്കാട് ഗ്രാമപഞ്ചായത്തിലെ "Ponnachira foot bridge and Pazhayachira bridge, W11" എന്ന പ്രവൃത്തിക്ക് 38,90,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്നും ആവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ഇനിയും കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന നിബന്ധനയോടെ പരാമർശം (4) പ്രകാരം 31.03.2024 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ല, പുറക്കാട് ഗ്രാമപഞ്ചായത്തിലെ "Ponnachira foot bridge and Pazhayachira bridge, W11" എന്ന പ്രവൃത്തിക്ക് 31.03.2024 ന് അകം പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ 38,90,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHA K S

ADDITIONAL SECRETARY

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി പുറക്കാട് ഗ്രാമപഞ്ചായത്ത്
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L.S
Date: 28-11-2023 10:41:54

സെക്ഷൻ ഓഫീസർ